പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയുടെ പുനരുദ്ധാരണം

270(1341) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാത കെ.എസ്.ടി.പി. ഏറ്റെടുത്തത് എന്നാണ്; പാതയുടെ ഏതൊക്കെ ഭാഗമാണ് ഇപ്പോൾ പുനരുദ്ധരിച്ചത്; ഇതിനായി ചെലവഴിച്ച തുക എത്ര; പാതയുടെ ആകെ ദൂരവും പുനരുദ്ധരിച്ച ഭാഗത്തെ ദൂരവും വ്യക്തമാക്കാമോ;

(ബി) സംസ്ഥാന പാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; ഈ ഭാഗത്ത് ഇനി എത്ര സ്ഥലം കെ.എസ്.ടി.പി. ഏറ്റെടുക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; വസ്തു ഏറ്റെടുക്കൽ വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഏറ്റെടുക്കൽ നടപടി എന്നു പൂർത്തിയാക്കാനാകും എന്ന് പറയാമോ;

(സി) സംസ്ഥാന പാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തെ പുനരുദ്ധാരണം ഏതു രീതിയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇവയുടെ പ്രത്യേകതകൾ വിശദമാക്കാമോ; എത്ര രൂപയാണ് പുനരുദ്ധാരണത്തിനായി വേണ്ടിവരുക; പുനരുദ്ധാരണം വൈകാനുണ്ടായ കാരണവും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) റോഡിന്റെ ടെൻഡർ നടപടികളായോ; ടെൻഡർ നടപടികൾ പൂർത്തിയാക്കി റോഡിന്റെ പുനരുദ്ധാരണം എന്ന് ആരംഭിക്കാനാകും എന്ന് പറയാമോ?

ഉത്തരം

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയിൽ പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള ഭാഗം നവീകരണത്തിനായി 28-5-2014-നാണ് കെ.എസ്.ടി.പി. ഏറ്റെടുത്തത്. ടി പാതയുടെ ആകെ ദൂരം 132 കി.മീ. ആണ്. അതിൽ പൊൻകുന്നം തൊടുപുഴ റോഡിന്റെ 50 കി.മീ. പുനരുദ്ധാരണം നടന്നുകൊണ്ടിരിക്കുന്നു. ഇതിനായി ഇതുവരെ ചെലവഴിച്ച തുക 148 കോടി രൂപയാണ്.

(ബി) പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തെ പുനരുദ്ധാരണം പി.പി.പി. വ്യവസ്ഥയിൽ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇത് രണ്ട് ഘട്ടങ്ങളിലായിട്ടുള്ള ടെണ്ടർ പദ്ധതിയാണ്. ആദ്യത്തെ ഘട്ടത്തിലുള്ള RFQ issue

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു. ആന്വിറ്റി പേമെന്റിനുള്ള അനുവാദം നൽകിയിട്ടുണ്ട്. പദ്ധതി ലോകബാങ്കിന്റെ അംഗീകാരത്തിന് അയച്ചിട്ടുണ്ട്. റോഡിന്റെ വികസനത്തിന് സ്വകാര്യ വ്യക്തികളിൽ നിന്ന് ഏറ്റെടുക്കേണ്ട 53.29 ഹെക്ടർ ഭൂമിയിൽ 99% നടപടിക്രമങ്ങൾ പൂർത്തിയാക്കി ഏറ്റെടുത്തിട്ടുണ്ട്. ബാക്കി വരുന്ന അര ഹെക്ടർ മുകളിൽ വരുന്ന സ്ഥലത്തിന്റെ വിവരം താഴെ കൊടുക്കുന്നു :

ഏറ്റെടുക്കാൻ ബാക്കിയുള്ള സ്ഥലവിവരം :

ജില്ല	ഗ്രാമം	വിസ്തീർണ്ണം
കൊല്ലം	പത്തനാപുരം	0.0073
പത്തനംതിട്ട	കലഞ്ഞൂർ	0.0090
	കൂടൽ	0.0280
	കോന്നി	0.0612
	മൈലപ്ര	0.2250
	റാന്നി	0.0232
	പഴവങ്ങാടി	0.1440
	ചേന്നക്കൽ	0.0625
കോട്ടയം	ളാലം	0.0352
	ആകെ	0.5954

സ്ഥലമെടുപ്പ് വൈകാനുണ്ടായ കാരണങ്ങൾ :

1. റോഡ് വികസനത്തിന് ഏറ്റെടുക്കേണ്ട സ്ഥലങ്ങളിലധികവും തുണ്ടുഭൂമികളാണ്. അവയിൽ ചിലതിന്റെ സർവ്വേ നമ്പരുകൾ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടി രേഖകളിൽ നിന്ന് വിട്ടുപോയതിനാൽ അവ ഏറ്റെടുക്കാനുള്ള നടപടി വീണ്ടും ആരംഭം മുതൽ തുടങ്ങി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.
2. പഴയ സ്ഥലമെടുപ്പ് നിയമത്തിന്റെ കാലഹരണപ്പെടലും പുതിയത് നടപ്പിലാക്കുന്നതിന്റെ കാലതാമസവും കെ.എസ്.ടി.പി.-യുടെ സ്ഥലമെടുപ്പിനെ പ്രതികൂലമായി ബാധിച്ചു.
3. നേരിട്ട് ഭൂമി വാങ്ങൽ നടപടി വഴി മതിയായ രേഖകൾ ഇല്ലാത്തതും തർക്കമുള്ളതുമായ ഭൂമികൾ ഏറ്റെടുക്കാൻ പറ്റാതെ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിരമിക്കലും, സ്ഥലംമാറ്റവും പൊന്നും വില നടപടിയുടെ പൂർത്തീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പ്രശ്നപരിഹാരമായി സ്ഥലമുടമകളുമായി ചർച്ചയിലൂടെ ഏറ്റെടുക്കാൻ ബാക്കിയുള്ള സ്ഥലം മുൻകൂർ കൈവശം എടുക്കുന്നതിനുള്ള അനുമതി കെ.എസ്.ടി.പി.-ക്ക് നൽകിയിട്ടുണ്ട്. ജില്ലാതല പർച്ചേസ് സമിതി വഴി ചർച്ചയിലൂടെ നേരിട്ട് ഭൂമി വാങ്ങുന്ന പ്രക്രിയ കെ.എസ്.ടി.പി. തുടർന്നുകൊണ്ടിരിക്കുന്നു. എങ്കിലും പുതിയ സ്ഥലമെടുപ്പ് നിയമപ്രകാരം നടപടികൾ പൂർത്തിയാക്കുന്നതിന് ഒരു വർഷം കൂടി വേണ്ടി വന്നേക്കാം.

(സി&ഡി) പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള 80 കി.മീ. റോഡ് കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി PPP Hybrid Annuity (പൊതു സ്വകാര്യ പങ്കാളിത്തത്തോടെ) ആയിട്ടാണ് വികസിപ്പിക്കുന്നത്. ആയതിലേക്കുള്ള കോൺട്രാക്ടിൽ രണ്ടരവർഷം നിർമ്മാണ പ്രവർത്തനവും 10 വർഷം മെയിന്റനൻസുമാണ് നിഷ്കർഷിച്ചിരിക്കുന്നത്. VGF (Viability Gap Fund) ആയി നിർമ്മാണ ചെലവിന്റെ 40 ശതമാനം ലോകബാങ്ക് സഹായമായി നൽകുന്നതും ബാക്കി തുക കൺസഷനെയർ കണ്ടെത്തേണ്ടതുമാണ്. പ്രസ്തുത തുക സെമി ആന്വിറ്റി ആയി കോൺട്രാക്ടർക്ക് കൊടുക്കുന്നതാണ്. കരാറിൽ ആന്വിറ്റി തുകയിലേക്കായി റിവോൾവിംഗ് എൽ.സി. വേണമെന്ന് ലോകബാങ്ക് നിഷ്കർഷിച്ചിരുന്നു. ഇപ്പോൾ റിവോൾവിംഗ് എൽ.സി. ഇല്ലാതെ വർക്ക് ടെണ്ടർ ചെയ്യാനായി എൻ.ഒ.സി.-ക്ക് വേണ്ടി ലോകബാങ്കിലേക്ക് അപേക്ഷിച്ചിട്ടുണ്ട്.

കൊടുവള്ളി നിയോജക മണ്ഡലത്തിൽ ബൈപ്പാസ് നിർമ്മാണം

271(1342) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കോഴിക്കോട് -വയനാട് നാഷണൽഹൈവേയിലെ താമരശ്ശേരി, കൊടുവള്ളി ബസാറുകളിൽ ബൈപാസ് നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly